**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1419** **12-02-2025 - ൽ മറുപടിയ്ക്ക്**

**താത്കാലിക അദ്ധ്യാപകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടയിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള കുറവ് കാരണം അധ്യാപക തസ്തിക നഷ്ടപ്പെട്ടിട്ടുണ്ടെന്നും അത്തരത്തിലുള്ള ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്കും അറിയിക്കുമോ; | (എ) | ഹയർ സെക്കന്ററി വിഭാഗത്തിൽ തസ്തികകൾ നഷ്ടപ്പെടുന്നത് തസ്തികകൾ ഒഴിവാക്കി സർക്കാർ ഉത്തരവ് നൽകുമ്പോഴാണ്. കഴിഞ്ഞ 5 വർഷത്തിനിടെ വിദ്യാർത്ഥികളുടെ കുറവ് മൂലം ഒരു തസ്തികകളും സർക്കാർ അബോളിഷ് ചെയ്ത് ഉത്തരവാക്കിയിട്ടില്ല. |
| (ബി) | ഇത്തരത്തിൽ തസ്തിക നഷ്ടപ്പെട്ട ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ താത്കാലികമായി നിയമിക്കാറുണ്ടോയെന്നും ഇപ്രകാരം നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് എത്ര അധ്യയന വർഷം തുടർച്ചയായി സേവനം അനുഷ്ഠിക്കാൻ വ്യവസ്ഥയുണ്ടെന്നും വ്യക്തമാക്കുമോ? | (ബി) | വിദ്യാർത്ഥികളുടെ കുറവ് മൂലം തസ്തികകൾ ഒന്നും തന്നെ അബോളിഷ് ചെയ്തിട്ടില്ലാത്തതിനാൽ അത്തരത്തിലുള്ള തസ്തികകളിൽ ഗസ്റ്റ് അധ്യാപകരെ നിയമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ